# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 695** 28.02.2017-ൽ **മറുപടിക്ക്**

## നെയ്യാറ്റിൻകര സബ് സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്താൻ നടപടി

| | ചോദ്യം<br><br>ശ്രീ. കെ. ആൻസലൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര സബ് സ്റ്റേഷൻ 110 കെ.വി സബ് സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ഈ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുമോ; | (എ) | നെയ്യാറ്റിൻകര സബ് സ്റ്റേഷൻ 110 കെ.വി സബ് സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ഈ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂട് കേന്ദ്രീകരിച്ച് ഇലക്ട്രിസിറ്റി ബോർഡിന്റെ സബ് ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുമോ; | (ബി) | അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂട് കേന്ദ്രീകരിച്ച് കാഞ്ഞിരംകുളം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ 31.12.2005 മുതൽ ഒരു സബ് എഞ്ചിനീയർ ഓഫീസ് പ്രവർത്തിച്ചു വരുന്നു. |
| (സി) | 20000 ൽ അധികം ഉപഭോക്താക്കൾ ഉള്ള നെയ്യാറ്റിൻകര ഡിവിഷൻ വിഭജിച്ച് പെരുമ്പഴുതൂരിൽ പുതിയ ഡിവിഷൻ തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (സി) | നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും നിലവിൽ കെ. എസ്. ഇ. ബി ലിമിറ്റഡിന്റെ പരിഗണനയിൽ ഇല്ല. |
| (ഡി) | നെയ്യാറ്റിൻകര ടൗണിൽ യു.ജി. കേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ? | (ഡി) | IPDS പദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര ടൗണിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**